ഹോളിഫാമിലി ഫൊറോന ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN

കൈത്താക്കാലം

Vol.11 Issue 4

Happy Independence Day & Happy Feast of the Assumption of our Blessed Mother





# സ്നേഹസ്മരണയ്ക്ക്







**MARIAMMA MATHEW (94)**
Thommithazhe
Ponkunnam

**മരണം: 22 – 07 – 2019**



# സ്നേഹസ്മരണയ്ക്ക്



## വി.എ ആന്റണി

**വെട്ടുകല്ലാംകുഴി**

1-ാംമൈൽ,
പൊൻകുന്നം

**മരണം: 04-04-2010**

എന്റെ യാത്ര പെട്ടെന്നായിരുന്നു.
എന്നെ ജീവനുതുല്യം സ്നേഹിച്ചവരോട് എനിക്ക് യാത്ര പറയാൻ സാധിച്ചില്ല
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമെ.

## ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 7 |
| നിയമബോധനം | – | 14 |
| നൂറുമേനി | – | 16 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | – | ഫാ. ജോണി ചെരിപുറം | 9447135145 |
| ചീഫ് എഡിറ്റർ | – | ഫാ. ജോസഫ് ചക്കുംമൂട്ടിൽ | 8281738270 |
| സബ് എഡിറ്റേഴ്സ് | – | റോബിൻ കട്ടിക്കാരൻ | 9446602386 |
| | – | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | – | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |



*Published by* : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

*Layout & Printing:* General Offset Ponkunnam
Ph: 9495496974, 8848953287

2019 ആഗസ്റ്റ് ലക്കം

## മുഖമൊഴി

തന്റെ മുമ്പിൽ വന്ന് കൈനീട്ടിയ ഭിക്ഷക്കാരനെക്കണ്ട് അയാളുടെ കണ്ണുകൾ നനഞ്ഞു. അയാൾ ഭാര്യയോട് പറഞ്ഞു, "ഇയാൾ എത്ര ദരിദ്രനാണ്, ഭക്ഷണം കഴിച്ചിട്ട് ദിവസങ്ങളായെന്ന് കണ്ടാലറിയാം. ഇങ്ങനെയുള്ളവരെക്കാണുമ്പോൾ എന്റെ ഹൃദയം തകരും. അതുകൊണ്ട് പത്ത് പൈസ കൊടുത്ത് അയാളെ പുറത്താക്കി ഗെയിറ്റ് അടയ്ക്കുക".


സ്വീകരിക്കുന്നവന്റെ യോഗ്യതയെക്കാൾ നൽകുന്നവന്റെ മനഃസ്ഥിതിയും മനോഭാവവും ഇവിടെ അളക്കപ്പെടുന്നു. നമ്മുടെ മുമ്പിൽ നീട്ടപ്പെടുന്ന കൈകൾ പണത്തിനുവേണ്ടി മാത്രമായിരിക്കണമെന്നില്ല. പകരം അല്പം കരുണയ്ക്കും, കരുതലിനും, ഒരു ചെറുപുഞ്ചിരിക്കും ഒരു ആശ്വാസ വാക്കിനും കൂടിയാവാം. അതായിരിക്കും ചിലപ്പോൾ അവർക്ക് പണത്തേക്കാൾ മൂല്യമായിത്തീരുന്നത്.

ദീനാനുകമ്പ നമ്മുടെ മനസ്സിന്റെ അടിസ്ഥാന ഭാവമായിത്തീരണം. ഈശോയുടെ വ്യക്തിത്വത്തിന്റെ ഒരു പ്രധാന സവിശേഷതയാണ് കരുണ. അവിടുത്തെ വാക്കുകളും പ്രവർത്തികളും അത് സാക്ഷ്യപ്പെടുത്തുന്നു. "നിങ്ങളുടെ സ്വർഗ്ഗീയപിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കുരുണയുള്ളവരായിരിക്കുവിൻ". (ലൂക്കാ 6:36)

ദൈവത്തിന്റെ കരുണ ഒന്നു മാത്രമാണ് തന്റെ എല്ലാ യോഗ്യതകളുമെന്ന ബോദ്ധ്യത്തോടെ കരുണയുള്ളവരാകുവാൻ നമുക്ക് ഇന്നു തന്നെ ശ്രമിക്കാം, അല്ല ഇപ്പോൾത്തന്നെ ശ്രമിക്കാം.



# ഇടയമൊഴി



ഈശോയിൽ സ്നേഹമുള്ളവരെ,

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് ആരാധനാവത്സരത്തിലെ ശ്ലീഹാക്കാലത്തിനുശേഷമുള്ള പുതിയകാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചക്കാലം നീണ്ടുനിൽക്കുന്ന കാലത്തെ “കൈത്താക്കാലം” എന്നു വിളിക്കുന്നു. “കൈത്ത” എന്ന പദത്തിന്റെ അർത്ഥം “വേനൽ” എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പ് ഫലവത്തായി നടത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെയാണ് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുക. അതുകൊണ്ട് സഭയുടെ വളർച്ചയുടെ കാലമായി ഈ കാലം പരിഗണിക്കപ്പെടുന്നു.

സഭയുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേകതയാണ്. അവരുടെ ജീവിതചര്യ അനുകരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. യഥാർത്ഥ വളർച്ച ആന്തരിക നവീകരണത്തിൽ അടങ്ങിയിരി

ക്കുന്നു.

നിയമാനുഷ്ഠാനത്തിലൂടെ മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണം വഴി ഒരു സമൂല പരിവർത്തനം അനിവാര്യമായിരിക്കുന്നുവെന്ന് ഈ കാലം ഓർമ്മിപ്പിക്കുന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഏലിയാ-സ്ലീവാ-മൂശക്കാലത്തിന്റെ മുന്നോടിയായിട്ടും ഇതിനെ കാണാവുന്നതാണ്. അതുകൊണ്ട് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയിലേയ്ക്കും ഈ കാലം വിരൽ ചൂണ്ടുന്നു. കർത്താവിന്റെ വരവിനുവേണ്ടി നാം ഒരുങ്ങിയിരിക്കണം. പാപത്തോടു വിടപറഞ്ഞ് ജീവിത വിശുദ്ധിയിലൂടെ നമ്മുക്ക് വ്യാപരിക്കാം.

സ്നേഹത്തോടെ,

*ഫാ. ജോണി ചെരിപുറം (വികാരിയച്ചൻ)*

*ഇടവക ബുള്ളറ്റിനിൽ*
*പരസ്യങ്ങൾ നൽകി*
*സഹകരിക്കാൻ ആഗ്രഹിക്കുന്നവർ*
*ബഹു. വികാരിയച്ചനെയോ*
*കൊച്ചച്ചനെയോ* ***സമീപിക്കുക***

# വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

നാം ആരാധനാവത്സരത്തിലെ കൈത്താക്കാലത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. കൈത്താക്കാലത്തിന് ഫലാഗമകാലം എന്നുകൂടി പേരുണ്ട്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ശ്ലീഹന്മാർ പകർന്നു നൽകിയ സുവിശേഷ ദീപ്തി ലോകമെങ്ങും പ്രകാശിച്ച് സഭയുടെ വളർച്ചയ്ക്ക് കാരണമായതിനെയാണ് ഈ കാലത്തിൽ നാം അനുസ്മരിക്കുന്നത്.

എന്നാൽ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ട സഭയിൽ ഇന്ന് നല്ല വാർത്തകളല്ല നാം കേൾക്കുന്നത്. അഭൂതപൂർവ്വമാംവിധം സഭാവിരുദ്ധമായ കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുന്ന കാലമാണിത്. ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളും മാദ്ധ്യമങ്ങളും വ്യക്തികളും സഭാവിരുദ്ധത പ്രകടിപ്പിക്കുന്നുണ്ട്. എതിർപ്പുകളുടെ ഉന്നം മനസ്സിലാക്കിയ സഭാസമൂഹം ഇതിനെതിരെ ശക്തമായി പ്രതികരിക്കുന്നുമുണ്ട്.

സഭയിൽത്തന്നെ ഈ കഴിഞ്ഞ നാളുകളിൽ ഉണ്ടായ ചില തെറ്റായ പ്രവണതകൾ പൊതുസമൂഹത്തിൽ സഭയുടെ പ്രതി

ഛായ കളങ്കപ്പെടുത്തി. ഭിന്ന വിഷയങ്ങളിലാണ് സമീപകാല സഭാവിരുദ്ധത പ്രകടമാകുന്നത്. അവയെ അവധാനതയോടെ നാം ഇഴതിരിച്ചെടുക്കേണ്ടതുണ്ട്. എന്തുകൊണ്ടാണ് സഭ പല പ്രശ്നങ്ങളിലും പെട്ടെന്ന് തീരുമാനം എടുത്ത് ശത്രുപക്ഷത്തെ നിഗ്രഹിക്കാത്തത് എന്നു ചോദിച്ചാൽ അതിന് ഉത്തരം ഒന്നേ ഉള്ളു. സഭാസമൂഹം വെറുമൊരു ബഹുജന മുന്നേറ്റമോ പ്രസ്ഥാനമോ അല്ല. ദൈവജനമാണ് സഭ. അതിനാൽത്തന്നെ സുവിശേഷാരൂപിയാണ് സഭയുടെ സകല പ്രതികരണങ്ങളുടെയും ഒന്നാമത്തെ മാനദണ്ഡം. ഏതു ലക്ഷ്യത്തിനുവേണ്ടിയാണെങ്കിലും സുവിശേഷ മൂല്യത്തെ നാം നിരാകരിച്ചുകൂടാ.

തീവ്രവാദിയായ ശിമയോനും, വാളെടുത്ത ശിമയോൻ പത്രോസും ഈശോയുടെ ശിഷ്യസമൂഹത്തിലുണ്ടായിരുന്നു. പക്ഷേ, അവരുടെ വഴികളെ കർത്താവ് തിരുത്തുകയാണ് ചെയ്തത്. എതിരാളികളുടെ, പ്രതികരണങ്ങൾക്കനുസരിച്ച് അതേ നാണയത്തിൽ തിരിച്ചടിക്കുന്നത് ഈശോയുടെ വഴിയല്ലല്ലോ. കുറ്റവാളിയെന്ന് മുദ്രകുത്തി വിചാരണ ചെയ്യപ്പെട്ട ഈശോയുടെ വാക്കുകളും പ്രവൃത്തികളും മൗനവുമാകട്ടെ നമ്മുടെ മാതൃക. അതിനാൽ ക്രിസ്തുവിന്റെ സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് നമ്മുക്ക് സഭയിൽ ജീവിച്ച് ഫലം പുറപ്പെടുവിക്കുന്ന വൃക്ഷങ്ങളാകാം.

*ഫാ. ജോസഫ് ചക്കുംമൂട്ടിൽ*
*(കൊച്ചച്ചൻ)*

# ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. ഈ വർഷത്തെ ഇടവകാതല ബൈബിൾ കലോത്സവം ആഗസ്റ്റ് 18-ാം തീയതി നടത്തുന്നതാണ്.

2. 9-ാം ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടിയുള്ള മരിയൻ തീർത്ഥാടനം സെപ്റ്റംബർ 7-ാം തീയതി ശനിയാഴ്ച കാഞ്ഞിരപ്പള്ളി പഴയ പള്ളിയിലേയ്ക്ക് നടത്തുന്നതാണ്.

3. 2019-2020 അദ്ധ്യയന വർഷത്തെ രക്ഷാകർത്തൃ സമ്മേളനം ജൂലൈ 14 ന് നടത്തി.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## മാതൃവേദി

1. നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങാൻ എസ്.എച്ച്. യു.പി. സ്ക്കൂളിന് 10,000/- രൂപ സംഭാവന നൽകി.

2. ചികിത്സാ സഹായമായി 1000/- രൂപാ നൽകി.

3. ഫൊറോനാ മതാദ്ധ്യാപക സെമിനാർ, സൺഡേസ്ക്കൂൾ പി.റ്റി.എ സെമിനാർ എന്നിവയ്ക്കുവേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു.

4. മാതൃവേദി ഇടവകാതല ബൈബിൾ കലോത്സവ മത്സരങ്ങൾ നടത്തി.

5. മാതൃവേദി ഫൊറോനാതല അസംബ്ലി അൽഫോൻസാ അജപാലന ഹാളിൽ വച്ച് നടന്നു.

*ബിന്ദു റ്റിജോ തേക്കുംതോട്ടം* (സെക്രട്ടറി)

## വിൻസെൻഷ്യൻ വേദി

രോഗികൾക്കും ദത്ത് കുടുംബങ്ങൾക്കും നൽകിവരുന്ന സ്ഥിരം സഹായങ്ങൾക്കുപുറമെ 3 പേർക്ക് ചികിത്സാ സഹായമായി 20500/– രൂപയും ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസത്തിനായി 5000/– രൂപയും ഒരു കുടുംബത്തിന് ഭവനത്തിന്റെ അറ്റകുറ്റ പണികൾക്കായി 4000/– രൂപയും ചിലവഴിച്ചു. ഇടവകയിലേയ്ക്ക് പുതുതായി നിയമിച്ച വികാരി ഫാ. ജോണി ചെരിപുറത്തിന് കോൺഫ്രൻസ് സ്വീകരണം നൽകി. പുതിയ ഭാരവാഹികളായി ജോസ് മാനുവൽ വട്ടയ്ക്കാട്ട് (പ്രസിഡന്റ്) ജോസഫ് ഈപ്പൻ വടക്കയിൽ (വൈസ്. പ്രസിഡന്റ്), തോമസ് നരിതൂക്കിൽ (സെക്രട്ടറി), സെൻ മാത്യു കരിയനാട്ട് (ജോ. സെക്രട്ടറി) മാത്യു മാത്യു മംഗലത്തിൽ (ട്രഷറർ), മാനുവൽ ആര്യംകുളം (ജോ. ട്രഷറർ), ടോണി ജോൺ കളപ്പുരയ്ക്കൽ (യൂത്ത് റപ്രസന്റേറ്റീവ്) എന്നിവർ ചുമതലയേറ്റു.

*തോമസ് നരിതൂക്കിൽ (സെക്രട്ടറി)*

## കത്തോലിക്കാ കോൺഗ്രസ്

നമ്മുടെ ഇടവകയിലെ കുടുംബാംഗങ്ങളുടെ പേരു വിവരങ്ങളും, ടെലിഫോൺ നമ്പരുകളും മറ്റു അത്യാവശ്യ വിവരങ്ങളും ഉൾപ്പെടുത്തി HFFC PARISH DIRECTORY - 2019 എന്ന പേരിൽ സൗജന്യമായി എല്ലാ കുടുംബങ്ങൾക്കും നൽകുന്നതിനായുള്ള ഞങ്ങളുടെ ഒരു വർഷത്തോളമായുള്ള പ്രവർത്തനങ്ങൾ അതിന്റെ അവസാന ഘട്ടത്തിലെത്തിയിരിക്കുന്നു.

ഇടവകയിൽപ്പെട്ട 80 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ ആയുരാരോഗ്യസൗഖ്യത്തിനായുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനായി ആ വിഭാഗത്തിൽപ്പെട്ടവരുടെ ഒരു സർവ്വേ ആരംഭിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

*ജോസ് വെച്ചൂക്കുന്നേൽ* (സെക്രട്ടറി)

## പിതൃവേദി

പിതൃവേദിയുടെ പ്രതിമാസ കമ്മറ്റികൾ എല്ലാ രണ്ടാം വ്യാഴാഴ്ചയും നടത്തുന്നു. 19-06-19 ൽ ബഹു. വികാരി ഫാ. ജോണി ചെരിപുറത്തിന്റെ അദ്ധ്യക്ഷതയിൽ പ്രത്യേക കമ്മറ്റിയും ചേർന്നു. യോഗത്തിൽ പിതൃവേദിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ പ്രസിഡന്റ് വിവരിച്ചു. ഇടവകയിലെ സംഘടനകളുടെ സംയുക്ത സമ്മേളനത്തിൽ പിതൃവേദി കമ്മറ്റി അംഗങ്ങൾ പങ്കെടുത്തു. എം.ബി.എഫ്. നറുക്കെടുപ്പിൽ ശ്രീ.മോൻസ് മാനുവൽ വട്ടക്കാടിന് നറുക്കു വീണു, തുകയും വിതരണം ചെയ്തു.

*റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ* ***(സെക്രട്ടറി)***

# അസോവ

സംഘടനയുടെ പ്രതിമാസ ഡയറക്ടർ ബോർഡ് മീറ്റിംഗ് 24-06-2019 തിങ്കളാഴ്ച 5 പി.എം. ന് പ്രസിഡന്റ് എ.റ്റി. ജോസഫ് അത്യാലിയുടെ അദ്ധ്യക്ഷതയിൽ എച്ച്.എഫ്.സി. പാർളറിൽ ബഹു. ഡയറക്ടർ ഫാ. ജോണി ചെരിപുറത്തിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. സംഘടനയ്ക്കു പുതുതായി ലഭിച്ച ഡയറക്ടർ അച്ചന് സ്നേഹനിർഭരമായ സ്വീകരണം നൽകി.

സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നവീനാശയങ്ങൾ ബഹു. ഡയറക്ടർ അച്ചൻ യോഗത്തിൽ വിശദീകരിച്ചു. പ്രസിഡന്റിന്റെ അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു. വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുന്നതിനാവശ്യമായ പരിശീലന ക്ലാസ്സുകൾ നൽകണമെന്ന ആശയത്തെ സംബന്ധിച്ച തീരുമാനം അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവച്ചു. സംഘടനയുടെ മെമ്പർഷിപ്പ് എടുക്കാൻ താല്പര്യമുള്ള വ്യക്തികൾക്ക് മെമ്പർഷിപ്പ് നൽകുകയുണ്ടായി.

എം.ബി.എഫ്-ന്റെ 23-ാമത്തെ നറുക്കെടുപ്പിൽ സ്കീമിലെ 21-ാമത്തെ മെമ്പറായ തകടിയേൽ റ്റി.ജെ ആന്റണിയാണ് വിജയിച്ചത്. സെക്രട്ടറി നന്ദി പ്രകാശിപ്പിച്ചു. യോഗനടപടികൾ 7 പി.എം. ന് സമാപിച്ചു.

*പി.സി. ചാക്കോ പുളിക്കൽ* ***(സെക്രട്ടറി)***

# സി. വൈ. എം. എ.

1 2018–19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും, വാർഷിക റിപ്പോർട്ടും കണക്കുകളും പൊതുയോഗം പാസ്സാക്കി.

2. 2019–20 വർഷത്തേയ്ക്കുള്ള ഭരണസമിതിയുടെ തെരഞ്ഞെടുപ്പിൽ ശ്രീ. റ്റിജോ ജോർജ്ജ് തേക്കുംതോട്ടം പ്രസിഡന്റായും ശ്രീ. ജോജി ജോർജ്ജ് മണിയങ്കേരിൽ സെക്രട്ടറിയായും ശ്രീ. മാത്യു മാത്യു പന്തിരുവേലിൽ ട്രഷററായും, ശ്രീ. പി.എം. ജോൺ പന്തിരുവേലിൽ, ശ്രീ. ജോജി കൊട്ടാരം, ശ്രീ. മാത്തുക്കുട്ടി പള്ളിനീരാക്കൽ, ശ്രീ. ഔസേപ്പച്ചൻ കുരീക്കാട്ട്, ശ്രീ. സോജൻ നടയ്ക്കൽ, ശ്രീ. റ്റോണി മുട്ടത്തുകുന്നേൽ, ശ്രീ. സന്തോഷ് മൂക്കിലിക്കാട്ട്, ശ്രീ. റ്റോംസി പുതുപ്പള്ളിൽ, ശ്രീ. ബിനു തൊമ്മിത്താഴെ, ശ്രീ. സോണി കുമ്പളപ്പള്ളിൽ, ശ്രീ. ജോഷീസ് ഡൊമിനിക് ഇടത്തിനകം, ശ്രീ. ജിസ്മോൻ ഇളമ്പിലക്കാട്, എന്നിവർ ബോർഡ് അംഗങ്ങളായും തെരഞ്ഞെടുക്കപ്പെട്ടു.

3. ഡിഗ്രിക്കും, 10–ാം ക്ലാസ്സിലും മുഴുവൻ എ+ നേടിയ സംഘടനാംഗങ്ങളുടെ മക്കളായ റ്റീനു മാത്യു പന്തിരുവേലിയ്ക്കും, ഫേബാ തെരേസ് സെബാസ്റ്റ്യൻ പുളിക്കത്തുണ്ടിയിലിനും, റോസിറ്റ് മരിയ വടക്കേ മംഗലത്തിനും ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

4. 3–7–19 ൽ സെന്റ് തോമസ് ഡേ യിൽ കൂടിയ സത്യപ്രതിജ്ഞാ പൊതുയോഗത്തിൽ വെച്ച് തോമസ് നാമധാരികളെ ആദരിക്കുകയും കേക്ക് മുറിക്കുകയും ചെയ്തു. യോഗത്തിൽ 2019–20 വർഷത്തെ ഭാരവാഹികൾ ഡയറക്ടർ ഫാ. ജോണി ചെരിപുറത്തിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു.

5. 4–8–2019 ഞായറാഴ്ച ബഡ്ജറ്റ് പൊതുയോഗം കൂടുവാനും തീരുമാനിച്ചു.

*ജോജി മണിയങ്കേരിൽ (ജന: സെക്രട്ടറി)*

## യുവദീപ്തി - S.M.Y.M

1. ബഹു. വികാരിയച്ചന് സ്വീകരണം നൽകി.
2. ഫൊറോനാതല ഫുട്ബോൾ ടൂർണ്ണമെന്റിൽ പൊൻകുന്നം ഇടവക എസ്.എം.വൈ.എം. രണ്ടാംസ്ഥാനം കരസ്ഥമാക്കി.
3. ചെന്നാക്കുന്ന് വെച്ച് നടന്ന ഫൊറോനാ അർദ്ധവാർഷിക സെനറ്റിന് എക്സിക്യൂട്ടീവ് റിപ്പോർട്ട് അവതരിപ്പിച്ചു. ശേഷം നടന്ന പൊതുപണിയിൽ പങ്കെടുത്തു.
4. വായനാദിനത്തോടനുബന്ധിച്ച് ഇടവകയിൽ പുസ്തകമേള നടത്തി.
5. കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തോട് ചേർന്നുകൊണ്ട് യുവജനദിനത്തിൽ സമാധാന നടത്തം സംഘടിപ്പിച്ചു. ബഹു. ജോണി ചെരിപുറം അച്ചൻ ഫ്ളാഗ് ഓഫ് ചെയ്തു.

*ജേക്കബ് തേക്കുംതോട്ടം (സെക്രട്ടറി)*

## ചെറുപുഷ്പ മിഷൻലീഗ്

1. പത്ര കളക്ഷൻ നടത്തി.
2. രോഗികളായ രണ്ടുപേരുടെ പിറന്നാൾ ആഘോഷിച്ചു.
3. കാഞ്ഞിരപ്പള്ളിയിൽ വച്ചു നടന്ന രൂപതാ സെമിനാറിൽ പങ്കെടുത്തു.

*ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. എയ്ഞ്ചല മുട്ടത്തുകുന്നേൽ
2. ഐറിൻ കാഞ്ഞിരക്കാട്ട്
3. നെയിൽ വെച്ചൂക്കരോട്ട്
4. നെഹെമ്യാ പന്നിക്കുഴിയിൽ
5. അന്നാമേരി ചെഞ്ചേരിൽ
6. അന്ന റോസ് വാഴയിൽ
7. ആന്റണി ആഞ്ഞിലിയ്ക്കൽ
8. എൽസ തെക്കേയിൽ

## ഓർമ്മകളിലേയ്ക്ക്

1. ബിൻസി ചീരംവേലിൽ
2. മറിയാമ്മ മാത്യു തൊമ്മിത്താഴെ



## നമ്മൾ ഒന്നായി

1. ഡോൺ - ബ്രെണ്ണാ - തൊമ്മിത്താഴെ

*ഏവർക്കും*

പരിശുദ്ധ കന്യകാമറിയത്തിന്റെ

# സ്വർഗ്ഗാരോപണ തിരുനാൾ

### ആശംസകൾ



# ഹരിജനപീഡനം

30-01-1990 ൽ നിലവിൽ വന്ന നിയമമാണ്. **ദി ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ദി ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്റ്റ്** . ഈ ആക്റ്റ് അനുസരിച്ചുള്ള കുറ്റകൃത്യങ്ങൾ ആരോപിക്കപ്പെട്ടാൽ മുൻകൂർജാമ്യം ലഭിക്കുകയില്ല. പിഴ ശിക്ഷ ഈടാക്കുന്നതിന് വിചാരണ ചെയ്യപ്പെടുന്ന ആളിന്റെ വസ്തുവകകൾ കോടതിക്ക് മുൻകൂർ ജപ്തി ചെയ്യാം. ഈ നിയമം അനുസരിച്ചുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നത് സ്പെഷ്യൽ കോടതിയാണ്. അതാതു ജില്ലകളിലെ സെഷൻ കോടതികൾക്ക് സ്പെഷ്യൽ കോടതിയുടെ അധികാരം കൊടുത്തിട്ടുണ്ട്. ഈ വിഭാഗത്തിൽ വച്ച് എടുക്കുന്ന കേസുകൾ കൂടുതൽ ഗൗരവമായി കണക്കിലെടുക്കും. കേരളത്തിൽ ഹരിജനപീഡനങ്ങൾ വളറെ കുറവാണെങ്കിലും മറ്റ് പല സ്റ്റേറ്റുകളിലും ധാരാളമായി ഉണ്ടാകുന്നുണ്ട്. സ്ത്രീപീഡനങ്ങളും ബാലപീഡനങ്ങളും ഹരിജനപീഡനങ്ങളും ആരോപിച്ച് അതിനു വിധേയമായി സ്റ്റേഷനിലെത്തുന്ന ഇരകളുടെ, പരാതിയിമേൽ കേസു രജിസ്റ്റർ ചെയ്യാതിരുന്നാൽ പോലിസിനെതിരെ നിയമനടപികൾ സ്വീകരിക്കാവുന്നതിനാൽ ഇപ്രകാരമുണ്ടാകുന്ന കേസുകളിലെ കുറ്റാരോപിതർ റിമാന്റ് ചെയ്യപ്പെടും. ഹരിജനപീഡനങ്ങളായി കണക്കാക്കപ്പെടുന്നവ ചുവടെ ചേർക്കുന്നു.

ഭോജ്യമല്ലാത്ത ഭക്ഷണ സാധനങ്ങൾ ഇവരെക്കൊണ്ടു കഴിപ്പിക്കുക, വൃത്തികെട്ട സാധനങ്ങൾ ഇവരുടെ സമീപത്ത് നിക്ഷേപിക്കുക, അവരുടെ കൈവശമുള്ള ഭൂമി കൈയേറുക, അന്യായ

മായി അവരെ കുടിയൊഴിപ്പിക്കുക, നിയമവിരുദ്ധമായി അവ രിൽനിന്നും ഭൂമി കൈമാറ്റം മേടിക്കുക, അവരെക്കൊണ്ട് നിർബ ന്ധിച്ച് വേല ചെയ്യിപ്പിക്കുക. നഗ്നരാക്കി നടത്തുക, വോട്ടു ചെയ്യുന്ന കാര്യത്തിൽ ഭീഷണിപ്പെടുത്തുക, കളവും, ദുരുദ്ദേശ്യപരവുമായ വ്യവഹാരങ്ങൾ അവരുടെ പേരിൽ കൊടുക്കുക, ഉദ്യോഗസ്ഥന്മാരെ തെറ്റിദ്ധരിപ്പിച്ച് അവരെക്കൊണ്ട് പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെ ട്ടവർക്കെതിരായ നടപടി നടത്തുക, പൊതുജനമദ്ധ്യത്തിൽ വെച്ച് ഇവരെ മനഃപൂർവ്വം അവഹേളിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുക, അവരിൽപ്പെട്ട സ്ത്രീകളെ മാനഭംഗപ്പെടുത്തുക, ലൈംഗിക വേഴ്ചയ്ക്ക് പ്രേരിപ്പിക്കുക, അവരുപയോഗിക്കുന്ന ജലം മലിനമാ ക്കുക, വഴിതടയുക, അവർ വീടോ നാടോ വിട്ടുപോകത്തക്കവണ്ണ മുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക മുതലായ പ്രവൃത്തികളെല്ലാം കുറ്റകരമാണ്. അത്തരം കുറ്റങ്ങൾക്ക് ആറു മാസത്തിൽ കുറയാതെ യുള്ള തടവു ശിക്ഷ കൊടുക്കണം. അഞ്ചു കൊല്ലംവരെ തടവാ കാം. പുറമെ പിഴശിക്ഷയും.

പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെടുന്നവർക്കെതിരായി കള്ളത്തെളിവ് കൊടുത്താൽ ആറു മാസത്തിൽ കുറയാതെയുള്ള തടവുശിക്ഷ ലഭിക്കും. കൊലക്കേസിലാണ് കള്ളത്തെളിവ് കൊടു ക്കുന്നതെങ്കിൽ വധശിക്ഷവരെ കൊടുക്കാം. ഇവരുടെ വസ്തുവക കൾ നശിപ്പിക്കുന്നതിനുള്ള കുറഞ്ഞ തടവുശിക്ഷ ആറു മാസമാ ണ്. ഏഴു കൊല്ലംവരെയാകാം. ഈ നിയമം അനുസരിച്ചുള്ള അധി കാരം വിനിയോഗിക്കുന്നതിനോ നടപടികൾ സ്വീകരിക്കുന്നതിനോ വീഴ്ച വരുത്തിയാലും ആറു മാസത്തിൽ കുറയാത്ത തടവുശിക്ഷ കിട്ടാം. ആവർത്തിക്കപ്പെടുന്ന കുറ്റങ്ങൾക്ക് ശിക്ഷ വർദ്ധിപ്പിച്ചി ട്ടുണ്ട്.

# നൂറുമേനി

1 ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. (മത്താ 28:19)

2 ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടിയായിരുന്നു. വചനം ദൈവമായിരുന്നു. (യോഹ 1:1)

3 കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. (ലൂക്കാ 4:18)

4 സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി, നീ എന്റെ പ്രിയപുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. (ലൂക്കാ 3:22

5 ഇസ്രയേലേ കേൾക്കുക, നമ്മുടെ ദൈവമായ കർത്താവ് ഒരേയൊരു കർത്താവാണ്. (നിയമ 6:4)

6 എനിക്കു മുൻപ് മറ്റൊരു ദൈവം ഉണ്ടായിട്ടില്ല. എനിക്കു ശേഷം മറ്റൊരു ദൈവം ഉണ്ടാവുകയുമില്ല. (ഏശയ്യ 43:10)

7 കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. (2 കൊറി 13:13)

8 ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു നീ വിശ്വസിക്കുന്നില്ലേ? (യോഹ 14:10)

9 എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു.(യോഹ 14:9)

10 ദൈവം വീണ്ടും അരുൾചെയ്തു നമ്മുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം

(ഉൽപത്തി 1:26)

***(എല്ലാ സൺഡേസ്ക്കൂൾ കുട്ടികളും ഈ തിരുവചനങ്ങൾ മനഃപാഠമാക്കണം)***

# സ്നേഹസ്മരണയ്ക്ക്




**വർക്കി പൗലോസ്**
**ഈറ്റുവേലിൽ**

**സജി പൗലോസ്**
**ഈറ്റുവേലിൽ**

**മേരി പൗലോസ്**
**ഈറ്റുവേലിൽ**

## 2-ാം ചരമ വാർഷികം



**ജെയിംസ് ജോസഫ്**
**മുട്ടത്തുപാറ**
**പൊൻകുന്നം**

എന്റെ പിതാവേ ഭൂമിയിൽ ഞാൻ അങ്ങയെ
മഹത്വപ്പെടുത്തി; എന്നെ ഏൽപ്പിച്ചിരുന്ന ജോലി
ഞാൻ പൂർത്തിയാക്കി. ആകയാൽ
അങ്ങേ പക്കൽ എന്നെ മഹത്വപ്പെടുത്തേണമെ.

## 3-ാം ചരമ വാർഷികം





**ജോമിൻ ജോസഫ്**
**ഇഞ്ചിയിൽ**
04-08-2016

നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും സ്മരിക്കണമെ.

സ്വർഗ്ഗത്തിൽ 3-ാം പിറന്നാൾ



# Tony Sebastian (Ton)

**Pamplaniyil**
**Ponkunnam**

**Birth: 18-05-1991**
**Death: 25-08-2016**

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും സ്മരിക്കണമെ.